"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെട്ട **"Conservation of PA Seyd Mohammed Smarakam"-** എന്ന പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.132/2025/TSM തീയതി,തിരുവനന്തപുരം, 01-03-2025

---

പരാമർശം:-
1. സ.ഉ (സാധാ) നം.04/2019/ടൂറിസം, തീയതി 03-01-2019.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 15-10-2024 തീയതിയിലെ DOT/14278/2023-P2 നമ്പർ കത്ത്.

**ഉത്തരവ്**

മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെട്ട **"Conservation of PA Seyd Mohammed Smarakam"** എന്ന പ്രവൃത്തിയ്ക്ക് "5452-01-800-84 **മുസിരിസ് ഹെറിറ്റേജ് ആൻറ് സ്പൈസ് റൂട്ട് പ്രോജക്ട്സ്"** എന്ന ശീർഷകത്തിൽ നിന്നും **₹4,95,61,000/-** രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും, പ്രസ്തുത പ്രവൃത്തി M/s. INKEL Ltd. എന്ന സ്ഥാപനം മുഖേന 18 മാസത്തിനുള്ളിൽ പൂർത്തീകരിയ്ക്കുന്നതിനുമായി പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

(2). പ്രസ്തുത പ്രവൃത്തിയ്ക്ക് ആദ്യ തവണ ടെണ്ടർ ചെയ്തതിൽ ആരും പങ്കെടുത്തില്ലായെന്നും, പിന്നീട് കോവിഡ് 19 കാരണം യഥാസമയം പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നില്ലായെന്നും, നിലവിൽ ടി പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും ഭരണാനുമതി കാലാവധി കഴിഞ്ഞതിനാൽ പ്രവൃത്തികളുടെ ബില്ലുകൾ കരാറുകാരന് അനുവദിച്ചു നൽകുന്നതിന് നിലവിൽ സാധിക്കാത്ത അവസ്ഥ നിലനിൽക്കുകയാണെന്നും, ആയതിനുള്ള തുക അനുവദിക്കുന്നതിനായി ഭരണാനുമതി കാലാവധി 31-10-2024 തിയതി വരെ നീട്ടി നൽകുന്നതിനുള്ള ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട്

അഭ്യർത്ഥിച്ചിക്കുകയുണ്ടായി.

(3). സർക്കാർ ഇക്കാരം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ "Conservation of PA Seyd Mohammed Smarakam" എന്ന പദ്ധതിയുടെ ഭരണാനുമതി ഉത്തരവിന്റെ കാലാവധി 31.03.2025 വരെ നീട്ടി നല്കി ഉത്തരവാകുന്നു.

(4). നിർവ്വഹണ ഏജൻസിയുടെയും, കരാറുകാരന്റെയും ഭാഗത്ത് നിന്നുള്ള വീഴ്ച മൂലമാണ് പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതെങ്കിൽ നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടുണ്ടെന്നും, ഇക്കാര്യത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 03-03-2025 13:16:07

സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.